ചോദ്യോത്തരം

മുജീബ്

# ചോദിക്കാൻ മാത്രം വിധിക്കപ്പെട്ടവരുടെ ചോദ്യങ്ങൾ

■ “സോളിഡാരിറ്റിക്കാർക്ക് കേരളത്തിലെ പ്രകൃതിയുടെയും ദലിതരുടെയും ആദിവാസികളുടെയും അവകാശങ്ങളിൽ ഉണ്ടെന്ന് ഭാവിക്കുന്ന താൽപര്യം മതപാരമ്പര്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉണ്ടോ? സംശയമാണ്. അവരുടെ പ്രഥമ പരിഗണനയിലുള്ള മുസ്‌ലിം സമൂഹത്തിൽ സ്ത്രീകൾ പലതരം വിവേചനങ്ങൾ നേരിടുന്നുണ്ട്. ആ അന്യായങ്ങൾക്ക് നേരെ മൗനംപാലിക്കുന്ന കൂട്ടരാണിവർ. ചില ഉദാഹരണങ്ങൾ:

1. മുസ്‌ലിംകളുടെ മതനിയമം(ശരീഅത്ത്) അനുസരിച്ച് പിതാവിന്റെ അനന്തരാവകാശസ്വത്തിൽ ആണിന് കിട്ടുന്നതിന്റെ നേർപകുതിയേ പെണ്ണിന് കിട്ടൂ. അതായത്, മകന് 100 ഉറുപ്പിക കിട്ടുമ്പോൾ മകൾക്ക് 50 ഉറുപ്പിക മാത്രം. ഈ കൊള്ളരുതായ്മക്കെതിരെ സോളിഡാരിറ്റി നാളിതുവരെ വല്ല വിരോധവും പ്രകടിപ്പിച്ചിട്ടുണ്ടോ?

2. ബഹുഭാര്യത്വം വഴി നമ്മുടെ നാട്ടിൽ മുസ്‌ലിം സ്ത്രീകൾ പലതരം അനീതികൾക്ക് വിധേയരാവുന്നുണ്ട്. ഇവിടത്തെ ബഹുഭാര്യത്വ സമ്പ്രദായത്തിൽ മുസ്‌ലിംകളുടെ മതനിയമങ്ങൾ തന്നെ ലംഘിക്കപ്പെടുന്നു! ഇതിനെതിരെ ഇവർ എന്തു ചെയ്തിട്ടുണ്ട്?

3. പുരുഷന്റെ ഏകപക്ഷീയമായ വിവാഹമോചനാധികാരം (ത്വലാഖ്) ഇവിടത്തെ മുസ്‌ലിം സ്ത്രീയുടെ തലക്ക് മുകളിൽ വാളുപോലെ തൂങ്ങിനിൽപുണ്ട്. അതു നിരുപാധികം ഉപയോഗിച്ചതിന്റെ ഇരകളെ ഏതു പട്ടണത്തിലും ഏതു ഗ്രാമത്തിലും കാണാം. ഈ നിസ്സഹായകൾക്കുവേണ്ടി ഈ യുവജനസേന എന്തു സമരമാണ് നടത്തിയിട്ടുള്ളത്? ഇവിടത്തെ മറ്റു പുരുഷന്മാരെപ്പോലെ കോടതിയുടെ അറിവോടും അനുവാദത്തോടും കൂടിയേ മുസ്‌ലിം പുരുഷൻ വിവാഹമോചനം നടത്താവൂ എന്ന നിലപാട് പ്രഖ്യാപിക്കാനുള്ള ജനാധിപത്യബോധം ഈ ‘പൗരാവകാശ സമരക്കാർ’ക്ക് ഉണ്ടോ?

4. ഇസ്‌ലാമിക നിയമങ്ങളിലെ സ്ത്രീവിരുദ്ധതക്കെതിരെ പ്രബന്ധങ്ങളും പ്രസംഗങ്ങളും പ്രവർത്തനങ്ങളുമായി നടന്നതിന്റെ പേരിൽ ചേകന്നൂർ മൗലവിയെ മതഭീകരവാദികൾ ശ്വാസംമുട്ടിച്ച് കൊന്നതി (29 ജൂലൈ 1993) നെപ്പറ്റി ഈ സംഘത്തിന്റെ അഭിപ്രായം എന്താണ്? ആ കൊലപാതകത്തിൽ ഉള്ളടങ്ങിക്കിടക്കുന്ന പൗരാവകാശ പ്രശ്നം പുറത്തു കൊണ്ടുവരുന്നതിനു വേണ്ടി കഴിഞ്ഞ പതിനാറ് കൊല്ലക്കാലത്തി

*നിടയിൽ എന്തൊക്കെ പണികളാണ് ഈ ജനാധിപത്യ പ്രവർത്തകർ എടുത്തിട്ടുള്ളത്?*

*5. ഫലസ്ത്വീനിലും കശ്മീരിലും ഗുജറാത്തിലും മുസ്‌ലിംകൾക്കെതിരെ നടക്കുന്ന ജനാധിപത്യവിരുദ്ധമായ അന്യായങ്ങൾക്കെതിരെ ധാർമികരോഷം വളർത്തുന്ന പലതും സോളിഡാരിറ്റി ചെയ്തിട്ടുണ്ട്, വളരെ നല്ല കാര്യം. അക്കൂട്ടത്തിൽ ഉത്തരം കിട്ടേണ്ട മറ്റൊരു ചോദ്യം: ജനാധിപത്യവിരുദ്ധമായി നിരന്തരം പെരുമാറുന്ന താലിബാനെപ്പറ്റി ഇവർക്കെന്താണ് അഭിപ്രായം? ആ സംഘം സ്വന്തം ഭരണകാലത്ത് ബാമിയാൻകുന്നിലെ ബുദ്ധപ്രതിമ തകർത്തപ്പോഴും അഫ്ഗാനിസ്താനിലെ സ്ത്രീകൾക്ക് വിദ്യയും തൊഴിലും സാമൂഹിക ജീവിതവും നിഷേധിച്ചപ്പോഴും ഈയിടെ അവർ പാകിസ്താനിലെ സ്വാത്ത് താഴ്‌വാരത്തിൽ സ്ത്രീ വിദ്യാലയങ്ങൾ ബോംബിട്ട് തകർത്തപ്പോഴും സോളിഡാരിറ്റിയുടെ പ്രതികരണം എന്തായിരുന്നു? സർവലോകർക്കും അനുഗ്രഹമായി അയക്കപ്പെട്ട പ്രവാചകന്റെ പേരിൽ നടത്തിയ ആ ക്രൂരതകൾക്കെതിരെ എന്ത് അഭിപ്രായ രൂപവൽക്കരണമാണ് ഈ വിഭാഗം സംഘടിപ്പിച്ചിട്ടുള്ളത്? ബാബരിപ്പള്ളി തകർത്തത് അന്യായവും ബുദ്ധപ്രതിമ തകർത്തത് ന്യായവും ആയിത്തീരുന്നത് എവിടത്തെ ജനാധിപത്യമാണ്?*

*6. ചർച്ചക്ക് വളരെ അസൗകര്യം ഉണ്ടാക്കുന്ന മറ്റൊരു വിഷയം: അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായി നിരന്തരം പ്രവർത്തിക്കുന്ന കൂട്ടരാണ് സോളിഡാരിറ്റിക്കാർ. അവർ അമേരിക്ക താങ്ങിനിർത്തുന്ന സുഊദി അറേബ്യ, ഖത്തർ, കുവൈത്ത്, യു.എ.ഇ മുതലായ അറബ് നാടുകളിലെ ഭരണകൂടങ്ങളെപ്പറ്റി എന്തു പറയുന്നു? രാജാധിപത്യമായതിനാൽ അവയൊന്നും ജനാധിപത്യത്തിന്റെ കണക്കിൽ പെടാൻ വയ്യ. രാജാവിന്റെ മകൻ രാജാവ് എന്ന് അനന്തരാവകാശം കിട്ടുന്ന ഭരണത്തിന് ഇസ്‌ലാമിൽ വകുപ്പില്ലാത്തതിനാൽ അവ ഇസ്‌ലാമികമാവാനും വയ്യ. ആ ജനവിരുദ്ധ ഭരണകൂടങ്ങളുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുകയാണ്. എല്ലാ കച്ചവടത്തിലും കാണുന്നതിനു വിരുദ്ധമായി വിൽക്കുന്നവർ ചരക്കിന്റെ വില നിശ്ചയിക്കുന്നതിനു പകരം ഗൾഫുനാടുകളിലെ എണ്ണവില വാങ്ങുന്ന അമേരിക്ക നിശ്ചയിക്കുന്നു എന്നത് താൽപര്യ സംരക്ഷണത്തിന് ഒരു ഉദാഹരണം. ഇറാഖിലേക്കുള്ള കടന്നുകയറ്റത്തിന് ഈ രാജ്യങ്ങൾ അമേരിക്കക്ക് എല്ലാ ഒത്താശകളും ചെയ്തുകൊടുത്തു എന്നത് വേറെ ഉദാഹരണം. ദാസ്യംകൊണ്ട് സാമ്രാജ്യത്വത്തിന്റെ ഭാഗം തന്നെയായ ഈ രാജ ഭരണകൂടങ്ങളെ സോളിഡാരിറ്റി അംഗീകരിക്കുന്നുണ്ടോ? ഇവിടുത്തെ 'സാംസ്കാരിക പ്രവർത്തനത്തിന്' ആ കൂട്ടരിൽനിന്ന് വല്ല ഫണ്ടും സ്വീകരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനകത്തെ ജനാധിപത്യമൂല്യവും ഇസ്‌ലാമിക ധാർമികതയും എന്താണ്?*

*സോളിഡാരിറ്റിയോട് ഇതുകൂടി ചോദിക്കേണ്ടേ?"*

*(മാതൃഭൂമി ആഴ്ചപ്പതിപ്പ് 2009 ഒക്ടോബർ 18, എം.എൻ കാരശ്ശേരി) മുജീബിന്റെ പ്രതികരണം?*

***കെ.പി റഫീഖ് ചാലാട് കണ്ണൂർ***

**സോ**ളിഡാരിറ്റിയോട് ചോദ്യങ്ങൾ ഉന്നയിച്ചയാൾ ജീവിതാന്ത്യം വരെ ചോദിക്കാൻ മാത്രം വിധിക്കപ്പെട്ടയാളാണ്. ഒരായിരം തവണ നല്കപ്പെട്ട മറുപടികളൊന്നു പോലും കാണുകയോ കേൾക്കുകയോ അയാൾ ചെയ്തിട്ടില്ലെന്നതിന് ചോദ്യങ്ങളുടെ ശൈലി തന്നെ തെളിവ്. ഉറങ്ങുന്നവനെയേ ഉണർത്താനാവൂ, ഉറക്കം നടിക്കുന്നവനെ ഉണർത്താനാവില്ല. ഉറക്കം നടിക്കാൻ പ്രേരണ ആത്മാർഥമോ നിസ്വാർഥമോ ആയ മനുഷ്യ സ്നേഹമല്ല എന്നും വ്യക്തം. കാരണം തനിക്കു ചുറ്റും പടർന്നുകയറുന്ന

ഗുണ്ടായിസം, ക്വട്ടേഷൻ വാഴ്ച, മാഫിയ, ലഹരിവ്യാപനം, ക്രൂര സ്ത്രീപീഡന ങ്ങൾ, അഴിമതി, ഹിന്ദുത്വ ഭീകരതയുടെ താണ്ഡവം തുടങ്ങിയ ഒന്നും ഈ മതേതര ബുദ്ധിജീവിയുടെ ശ്രദ്ധ ആകർഷിക്കുന്നേയില്ല. പകരം ഇത്തരം എല്ലാ തിന്മകൾക്കു മെതിരെ നിരന്തരം പോരാട്ടത്തിലേർപ്പെട്ട ധാർമിക പ്രസ്ഥാനമാണ് അയാളുടെ ഇര. അക്കാര്യത്തിൽ അയാൾക്ക് അധാർമിക മീഡിയയുടെ പിൻബലവും മതിയാവോളം ലഭിക്കുന്നു. പക്ഷേ നിരവധി ദൽവായിമാരുടെ ഗതിയെന്തായെന്ന് നന്നായറിയാവുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മനോവീര്യം തകർക്കാൻ ഇത്തരം പുലമ്പലുകൾക്കാവി ല്ലെന്ന് അവർ മനസ്സിലാക്കിയാൽ അവർക്ക് നല്ലത്. ഇനി ചോദ്യങ്ങൾക്ക് മറുപടി ചുരുക്കത്തിൽ:

സോളിഡാരിറ്റിക്ക് പ്രകൃതിയോടും മനുഷ്യരോടുമുള്ള സ്നേഹം ഇസ്‌ലാമിക മാണ്, ഇസ്‌ലാമിന്റെ അധ്യാപനങ്ങളിൽനിന്ന് സ്വാഭാവികമായി ഉത്ഭൂതമായതുമാണ്. കാരണം പ്രകൃതിയെയും മനുഷ്യനെയും സൃഷ്ടിച്ച ദൈവം സർവലോകത്തിനും കാലത്തിനുമായി അവതരിപ്പിച്ച സന്മാർഗമാണ് ഇസ്‌ലാം. മുസ്‌ലിം നാമധാരികൾക്ക് അത് തിരിയാതെ പോയത് അവരുടെ നിർഭാഗ്യം.

സ്ത്രീ സമൂഹത്തിൽ വിവേചനം നേരിടുന്നുണ്ട്. സ്ത്രീ മാത്രമല്ല പുരുഷനും വിവേചനത്തിനിരയാണ്. കേവല ഭൗതിക ദർശനങ്ങളും നിഷേധാത്മക മതേതരത്വ വുമാണ് മൗലിക കാരണം. സ്രഷ്ടാവിന്റെ പരമാധികാരവും മാനവിക സമത്വവും സാമൂഹിക നീതിയും അംഗീകരിക്കാത്തവർ ആരോടായാലും വിവേചനപരമായി പെരു മാറും. ഭരണാധികാരി ജനങ്ങളോട്, പുരുഷൻ സ്ത്രീയോട്, മുതിർന്നവർ കുട്ടികളോ ട്, മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥനോട്, മുതലാളി തൊഴിലാളിയോട്, പണ്ഡി തൻ പാമരനോട്.... ഇതിന് മൗലികമായി പ്രതിവിധി നിർദേശിക്കുന്നത് പ്രവാചക ന്മാരും ദൈവിക ഗ്രന്ഥങ്ങളും മാത്രം. മാരാരുടെ *ഭാരത പര്യടനം* വായിച്ചപ്പോഴേക്ക് വഴിതെറ്റിയവർക്ക് ഈ സത്യം തിരിച്ചറിയാനാവില്ലെന്നു മാത്രം.

1. ശരീഅത്ത് പ്രകാരം പിതാവും ഭർത്താവും മക്കളും അടുത്ത ബന്ധുക്കളു മാണ് ക്രമപ്രകാരം സ്ത്രീയെ സംരക്ഷിക്കുന്നത്. അവർ ബാധ്യത നിറവേറ്റാതിരു ന്നാൽ സ്റ്റേറ്റ് രക്ഷക്കെത്തണം. ഈ വ്യവസ്ഥ നിലവിലിരിക്കുമ്പോഴും സ്ത്രീക്ക് സ്വത്തവകാശം ശരീഅത്ത് ഉറപ്പുനൽകിയത് അവളുടെ സ്വത്വം അംഗീകരിച്ചതു കൊണ്ടാണ്. തന്റെ സ്വത്തിൽ ഭർത്താവിനെയോ മക്കളെയോ പങ്കാളികളാക്കാൻ സ്ത്രീ നിയമപ്രകാരം ബാധ്യസ്ഥയല്ലതാനും. ഇത് വിവേചനമല്ല, സ്ത്രീസ്വാതന്ത്ര്യത്തിന്റെ വിളംബരമാണ്. ശരീഅത്ത് നിലവിലില്ലാത്ത സമൂഹങ്ങളിലും സാഹചര്യങ്ങളിലും സ്ത്രീക്ക് നീതി ലഭ്യമാക്കാൻ ജനാധിപത്യ ഭരണകൂടങ്ങൾ ഭരണഘടനാനുസൃത മായ നടപടികൾ സ്വീകരിക്കണം. ഇതിന് സോളിഡാരിറ്റി ഒരിക്കലും തടസ്സം നിന്നി ട്ടില്ല. ഇന്ത്യയിലെ മുസ്‌ലിം വ്യക്തിനിയമം പരിഷ്കരിക്കണമെന്നത് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ കാലം മുതൽ ജമാഅത്തെ ഇസ്‌ലാമി ഉന്നയിച്ചുവന്ന ആവ ശ്യമാണു താനും.

2. മുസ്‌ലിം സ്ത്രീകൾ മാത്രമല്ല അമുസ്‌ലിം സ്ത്രീകളും ബഹുഭാര്യത്വം കൊണ്ടു മാത്രമല്ല ഏകഭാര്യത്വം കൊണ്ടും അവിവാഹിതത്വം കൊണ്ടും പലതരം അനീതി കൾക്കിരയാവുന്നു. ഇതിൽ ബഹുഭാര്യത്വംകൊണ്ട് തന്നെ പീഡിതരാവുന്നത് മുസ്‌ലിം സ്ത്രീകളെക്കാൾ അമുസ്‌ലിം സ്ത്രീകളാണെന്ന് നടത്തപ്പെട്ട എല്ലാ സർവെകളും കാണിക്കുന്നു. അതേപ്പറ്റിയുള്ള അർഥഗർഭമായ മൗനത്തിലാണ് കാരശ്ശേരിമാരുടെ ആത്മരക്ഷ. 15 വർഷം വരെ നീളാവുന്ന നിയമയുദ്ധം കൊണ്ടുമാത്രം ഒരു സ്ത്രീക്കും

നീതി ലഭ്യമാവുന്നില്ല.

3. വിവാഹമോചനം ഇസ്‌ലാമിൽ ഏകപക്ഷീയമല്ല. പുരുഷന് ന്യായമായ കാരണങ്ങളാൽ ത്വലാഖ് ചൊല്ലാം. സ്ത്രീക്കും ന്യായമായ കാരണങ്ങളാൽ ഖുൽഓ ഫസ്ഖോ ചെയ്യാം. നിലവിലെ വ്യക്തിനിയമവും കോടതികളും തന്നെ അത് അനുവദിക്കുന്നു. ഈ സ്വാതന്ത്ര്യം ഹിന്ദു, ക്രിസ്ത്യൻ സ്ത്രീകൾക്ക് പോലും ഇല്ല.

4. ചേകന്നൂർ മൗലവി സ്വന്തം ജീവിതത്തിൽ തന്നെ ബഹുഭാര്യത്വം സ്വീകരിച്ചിരുന്നയാളാണ്. അദ്ദേഹം സ്ത്രീവിരുദ്ധതക്കെതിരെയല്ല പ്രവാചക ചര്യയുടെ ആധികാരികതക്കും അഞ്ചുനേരത്തെ നമസ്കാരത്തിനും റമദാൻ മാസത്തിലെ നിർബന്ധ വ്രതത്തിനുമെതിരെയാണ് പൊരുതിയത്. അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയ സംഭവത്തിനെതിരെ അസന്ദിഗ്ധമായി പ്രതികരിച്ച പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ഇക്കാര്യം നന്നായറിയാവുന്ന വ്യക്തിയാണ് കാരശ്ശേരി. യഥാർഥ പ്രതികൾ ആരാണെന്നും അയാൾക്കറിയാം. പക്ഷേ, സത്യം തുറന്നു പറയാൻ ഭീരുത്വവും താൽപര്യവും തടസ്സമാവുന്നു. ചേകന്നൂർ കേസിലെ പ്രതികൾ ജമാഅത്ത് പ്രവർത്തകർ അല്ലാതായതിലെ സങ്കടം തീർക്കാൻ സോളിഡാരിറ്റി വിചാരിച്ചാൽ സാധ്യമല്ല. ഈറ കരഞ്ഞുതീർക്കുകയേ ഗതിയുള്ളൂ.

5. പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമി പോലും തള്ളിപ്പറഞ്ഞ തീവ്രവാദി വിഭാഗമാണ് താലിബാൻ. കടുത്ത യാഥാസ്ഥിതിക പൗരോഹിത്യമാണ് അവർക്ക് പിന്നിൽ. പൗരോഹിത്യത്തിന്റെ ആജന്മ ശത്രുക്കൾ ജമാഅത്തെ ഇസ്‌ലാമിയും. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി താലിബാൻ പോലുള്ള ശക്തികളെയോ തീവ്രവാദത്തെയോ ഒരിക്കലും അംഗീകരിച്ചിട്ടില്ല; അക്കാര്യം തുറന്നു പറയാതിരുന്നിട്ടും ഇല്ല. എന്നാൽ താലിബാൻ ക്രൂരതകൾ കാട്ടുന്നത് സാമ്രാജ്യത്വ അധിനിവേശക്കാരോടും സയണിസ്റ്റുകളോടും മതത്തിന്റെ പ്രഖ്യാപിത ശത്രുക്കളോടുമാണ്. അവരുടെ ചെയ്തികളും ബാബരി മസ്ജിദ് ധ്വംസനവുമായി താരതമ്യമില്ല. തൂമ്പയെ തൂമ്പയെന്ന് വിളിക്കാൻ ധൈര്യമില്ലാത്തവർ ജനാധിപത്യവും മതേതരത്വവും പ്രസംഗിക്കുന്നത് അപഹാസ്യമാണ്.

6. അറേബ്യയിലെ എണ്ണകയറ്റുമതി രാജ്യങ്ങളും അല്ലാത്തവയും നിലവിലെ അമേരിക്കൻ അധിനിവേശ അജണ്ടയെ ഭയക്കുന്നു. അതിനാൽ അവർ പല കാര്യങ്ങളിലും അമേരിക്കയെ പിന്താങ്ങുന്നു. ഇന്ത്യയുടെ സ്ഥിതിയും ഏറെ വ്യത്യസ്തമല്ല. എന്നാൽ സാമ്രാജ്യത്വത്തെയും സാമ്രാജ്യത്വ ദാസ്യത്തെയും ഒരുപോലെ എതിർക്കുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അറബ് ലോകത്ത് സാമ്രാജ്യത്വത്തെയും കുടുംബവാഴ്ചയെയും തുറന്നെതിർക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളോടാണ് ജമാഅത്തിന്റെ ഐക്യദാർഢ്യമെന്നതും പുതിയ വിവരമല്ല. ഇഖ്‌വാനുൽ മുസ്‌ലിമൂനും ഹമാസും ഇസ്‌ലാമിക് ട്രെന്റ് മൂവ്മെന്റും തുല്യ സംഘടനകളും പ്രവർത്തന രംഗത്തുള്ളപ്പോൾ വിപ്ലവം കയറ്റുമതി ചെയ്യേണ്ട ഗതികേട് ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിനില്ല. ധാർമിക പിന്തുണ ധാരാളമാണ്.

വിദ്യാഭ്യാസ, മനുഷ്യസേവന സംരംഭങ്ങൾക്കും പ്രവർത്തനങ്ങൾക്കും ചരടുകളിലില്ലാത്ത സഹായം നിയമാനുസൃതമായി ആരിൽനിന്നും സ്വീകരിക്കാം. അതിൽ അഹിതകരമായോ അധാർമികമായോ ഒന്നുമില്ല. സോളിഡാരിറ്റിയാവട്ടെ അത്തരം സഹായങ്ങളടക്കം സ്വീകരിക്കുന്നുമില്ല. നാട്ടിനകത്തും പുറത്തുമുള്ള പ്രവർത്തകരും ഗുണകാംക്ഷികളുമാണ് അതിന്റെ ധനസ്രോതസ്സ്. അത് സുതാര്യമാണ്താനും. സോളിഡാരിറ്റി വിരുദ്ധരുടെ ധനസ്രോതസ്സോ? ഡോ. എം. ഗംഗാധരൻ കാര്യം തുറന്നെഴു

തിയിട്ടുണ്ടല്ലോ.

## തൗഹീദുൾക്കൊള്ളാത്ത ഭരണം

■ *"വീട് നിർമിക്കണമെങ്കിൽ സ്ഥലം വേണം. സ്ഥലമില്ലെങ്കിൽ എങ്ങനെ വീട് നിർമിക്കും? മൗദൂദിസത്തിന്റെ പോക്കറ്റിൽ വീട് നിർമിക്കാനുള്ള പ്ലാനുണ്ട്. പക്ഷേ സ്ഥലമുണ്ടായിട്ട് വേണ്ടേ. തൗഹീദുൾക്കൊള്ളാത്ത ഭരണമുണ്ടായിട്ട് എന്തുകാര്യം. ഇസ്‌ലാമിക ഭരണമാണ് ലക്ഷ്യം. അത് സാക്ഷാത്കരിച്ചിട്ട് തൗഹീദ് പറയാം എന്ന മൗദൂദിയുടെ നയം വിവാഹിതനാകാത്ത മനുഷ്യൻ കുട്ടികളുണ്ടാവാൻ പ്രാർഥിക്കുന്നത് പോലെയാണ്" (ജമാഅത്തും രാഷ്ട്രീയവും ശിർക്കും : സി.പി സലാഹുദ്ദീൻ* വിചിന്തനം *ഒക്ടോബർ 2, 2009). പലിശ രഹിത ബാങ്കിംഗ്, മദ്യനിരോധം, വ്യഭിചാര നിരോധം തുടങ്ങിയ ഇസ്‌ലാമിക വിധിവിലക്കുകൾ നടപ്പിലാക്കാൻ ഒരു രാജ്യത്തെ നൂറു ശതമാനം ജനങ്ങളും തൗഹീദ് ഉൾക്കൊണ്ടതിന് ശേഷം മാത്രമാണോ പാടുള്ളത്? അങ്ങനെ മാത്രമേ അത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ?*

***വി.കെ അബ്ദുസ്സത്താർ കൊടിയത്തൂർ***

**ദൈ**വത്തിന്റെ പരമാധികാരമാണ് തൗഹീദിന്റെ അന്തസ്സത്ത. അതിനാൽ തൗഹീദിന്റെ ഭാഗമാണ് ദൈവിക ഭരണവും. മനുഷ്യരാണ് ഏത് മാറ്റത്തിന്റെയും ചാലകശക്തി. മനുഷ്യരെ തൗഹീദിലേക്ക് ക്ഷണിക്കുകയും അവരെ അതേപ്പറ്റി സമഗ്രമായി ബോധവൽക്കരിക്കുകയുമാണ് ഇസ്‌ലാമിക പ്രസ്ഥാനം. മാറ്റം പൂർണമാവുന്നതിന് മുമ്പും എല്ലാതരം നന്മകളെയും പിന്തുണക്കും, എല്ലാ തിന്മകളെയും തുറന്നെതിർക്കും. സാധ്യമായ നന്മയെല്ലാം ചെയ്യും. സങ്കുചിതാർഥത്തിലെ തൗഹീദ് ഉരുവിട്ടു കാലം കഴിക്കാൻ വിധിക്കപ്പെട്ടവർ അത് ചെയ്യട്ടെ. ചൂഷിത, മർദിത, പീഡിത മനുഷ്യ സമൂഹത്തിന് തൗഹീദിന്റെ അനുഗ്രഹങ്ങളെ ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങളുമായി പ്രസ്ഥാനം മുന്നോട്ടു പോവും.

## ചെങ്ങറയും സോളിഡാരിറ്റിയും

■ *ചെങ്ങറ സമരം ഒത്തുതീർന്നു(?) ഇടതുപക്ഷ സർക്കാറിനെതിരെയുള്ള ഈ സമരം ഒത്തുതീർന്നപ്പോൾ ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റിയും അതിൽ ആഹ്ലാദം പ്രകടിപ്പിക്കുകയും സ്വാഗതം ചെയ്യുകയുമുണ്ടായി (മാധ്യമം 2009 ഒക്ടോബർ 6). പക്ഷേ, ചെങ്ങറക്കാർ ഇടതുപക്ഷ സർക്കാറിനെതിരെ സമരം നടത്തുമ്പോൾ ജമാഅത്തും സോളിഡാരിറ്റിയും ഈ സർക്കാറിനെ നിലനിർത്താനല്ലേ ശ്രമിച്ചുകൊണ്ടിരുന്നത്? ചെങ്ങറ സമരം വിജയിച്ചപ്പോൾ അവിടെ ജമാഅത്തിനും സോളിഡാരിറ്റിക്കും ആഹ്ലാദിക്കാനും സ്വാഗതം ചെയ്യാനും അർഹതയുണ്ടോ?*

***ശാദിയ ശഹ്നാസ് പള്ളിക്കൽ***

**ഏ**തെങ്കിലും സർക്കാറിനെ നിലനിർത്താനോ താഴെ ഇറക്കാനോ ആയിരുന്നില്ല ചെങ്ങറ സമരം. അത് ഭൂരഹിത ദലിത് ആദിവാസി വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കാനുള്ള പോരാട്ടമായിരുന്നു. സമരം ന്യായമായതുകൊണ്ട് സോളിഡാരിറ്റി പിന്തുണ നൽകി. സമരത്തെ പരാജയപ്പെടുത്താൻ ശ്രമിച്ചവരെ എതിർത്തു. സമരം ഭാഗികമായി വിജയിച്ചപ്പോൾ സ്വാഗതം ചെയ്തു. തത്ത്വാധിഷ്ഠിത പിന്തുണയും വിയോജനവുമാണ് ആരുടെ നേരെയും ജമാഅത്തിന്റെ നിലപാട്. ചെങ്ങറയിലും അതാണ് നടന്നത്. ■